**ശ്രദ്ധക്ഷണിക്കൽ**

(1) ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയവ നേരിടുന്നവർക്ക് നൽകുന്ന ആനുകൂല്യം വർധിപ്പിക്കൽ

മി. സ്പീക്കർ: ശ്രീ. ഇ. ചന്ദ്രശേഖരൻ സമയകൃത്യത പാലിക്കണം. ഇന്ന് മൂന്ന് ബില്ലുകളുള്ളതാണ്. ചെയറുമായി സഹകരിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 'ആശ്വാസകിരണം പദ്ധതി'-യുടെ പരിധിയിൽവരുന്ന ഏതാനും വിഭാഗത്തിൽപ്പെടുന്നയാളുകളുടെ വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഓട്ടിസം, സെറിബ്രൽ പാൾസിയുൾപ്പെടെ ബുദ്ധിമാന്ദ്യം സംഭവിച്ചവരും മാനസിക വൈകല്യമുള്ളവരുമായ വിവിധ വിഭാഗം ആളുകളെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. എം.എൽ.എ. എന്ന നിലയിൽ പല രക്ഷിതാക്കളും ഓഫീസിൽ നേരിട്ടുവന്ന് കരളലയിപ്പിക്കുന്ന, തൊണ്ടയിടറിപ്പറയുന്ന ചില കാര്യങ്ങളാണ് ഇന്നിവിടെ ഉന്നയിക്കാനുദ്ദേശിക്കുന്നത്. നമ്മൾക്കും നമ്മുടെ ചുറ്റുപാടുമുള്ളവർക്കുമെല്ലാം ബാധകമായ ഒരു വിഷയമാണ്. കുട്ടികളും മുതിർന്നവരുമായി ഇത്തരം വൈകല്യം നേരിടുന്ന നിരവധിയാളുകളുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന

കുട്ടികളെ പരിചരിക്കുന്ന രക്ഷിതാക്കളുടെ സങ്കടം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. അവർക്ക് ഈ കുട്ടികളുമായി ബന്ധുമിത്രാദികളുടെ വിവാഹ ചടങ്ങുകളിലോ മറ്റിടങ്ങളിലോ പങ്കെടുക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ഓട്ടിസം ബാധിച്ച കുട്ടികളുൾപ്പെടെയുള്ളവർ ചില സന്ദർഭങ്ങളിൽ സ്വീകരിക്കുന്ന സമീപനങ്ങളും ഒച്ചവച്ചുള്ള അവരുടെ പെരുമാറ്റരീതികളും കാണുമ്പോൾ എന്തിനാണ് ഈ കുട്ടിയെയുംകൊണ്ട് ഇവിടെ വന്നിരിക്കുന്നത്? എന്നുള്ള ബന്ധുജനങ്ങൾക്കിടയിലെ ചോദ്യങ്ങൾ അവർക്ക് എങ്ങനെയാണ് താങ്ങാൻ കഴിയുക എന്നത് നമുക്കേവർക്കും ഊഹിക്കാനെ കഴിയൂ. ഇത്തരം അനുഭവമുള്ള കുടുംബങ്ങളിൽപ്പെട്ടവർക്കും അത് ബോധ്യപ്പെട്ടിട്ടുള്ളവർക്കുമൊക്കെ ഇതിന്റെ ഗൗരവം മനസ്സിലാകും. ഇത്തരം വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നത് രക്ഷിതാക്കളെ സംബന്ധിച്ചിടത്തോളം ബാധ്യതയാണ്. ഇതിന് പണക്കാരനോ പാവപ്പെട്ടവനോ എന്ന വ്യത്യാസങ്ങളില്ലാതെ എല്ലാവിഭാഗത്തിൽപ്പെട്ടവരും ഈ പ്രശ്നം അനുഭവിക്കുന്നുണ്ട്. സാമ്പത്തികശേഷിയുള്ളവർക്കാണെങ്കിൽ കുറെയേറെ പരിചരണം നൽകാൻ കഴിയും. എന്നാൽ പാവപ്പെട്ട തൊഴിലാളികൾ, അച്ഛനും അമ്മയും ചെറിയ തൊഴിൽ ചെയ്തുകൊണ്ടുമാത്രം

ഉപജീവനം നടത്തുന്ന കുടുംബങ്ങളിൽ ഇത്തരം അവസ്ഥയുള്ള ആളുകളുടെ, ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ, ഓട്ടിസം ബാധിച്ചവരുടെയൊക്കെ പരിചരണം എങ്ങനെ മുന്നോട്ടുകൊണ്ടുപോകുമെന്നതാണ് പ്രശ്നം. ആശ്വാസകിരണം പദ്ധതിക്കുകീഴിൽ ഇത്തരം ആൾക്കാരെ പരിചരിക്കുന്നവർക്ക് സാമ്പത്തിക സഹായം അനുവദിച്ചുനൽകുന്നുണ്ട്. തീർച്ചയായും ആ പദ്ധതി വലിയ അനുഗ്രഹമാണ്. പക്ഷേ സഹായമായി നൽകുന്ന തുക വളരെ ചെറിയൊരു സംഖ്യ മാത്രമാണെന്ന് നമ്മുക്കെല്ലാവർക്കുമറിയാം. കൂടാതെ ആറ്-ഏഴ് മാസക്കാലമായി പെൻഡിങ് ആണെന്ന ഒരവസ്ഥയും നിലനിൽക്കുന്നുണ്ട്. അത് പരിശോധിക്കണമെന്നാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 2018 മാർച്ച് 31 വരെ അപേക്ഷ നൽകിയിട്ടുള്ള 28030 പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ 2018-ന് ശേഷം 2024 നവംബർ വരെ അപേക്ഷ നൽകിയിട്ടുള്ളവർ 71233 പേരാണ്. ചുരുക്കത്തിൽ പറഞ്ഞാൽ ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഈ വേദനയനുഭവിക്കുന്നുണ്ടെന്ന് മനസ്സിലാക്കാം. അതിനാൽ അടിയന്തര സ്വഭാവത്തോടുകൂടി ഇക്കാര്യത്തിൽ തീരുമാനമെടുക്കണമെന്നും ഇത്തരം

ആളുകളെ പരിചരിക്കുന്നവരെയുൾപ്പെടെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന **ധന**സഹായത്തിൽ വർധന വരുത്തണമെന്നും സാമൂഹ്യക്ഷേമ പെൻഷൻപോലുള്ള ഒരു സംവിധാനം അവർക്കുംകൂടി ബാധകമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അതോടൊപ്പംതന്നെ അതീവ പരിഗണന ലഭിക്കേണ്ട ഭിന്നശേഷിക്കാരെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സംവിധാനത്തെക്കുറിച്ചുകൂടി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കുടുംബത്തിന്റെ വാർഷിക വരുമാനവും മറ്റും ഇതിലെ പ്രധാന മാനദണ്ഡമായി പരിഗണിക്കുന്നത് ശരിയല്ല. കേരളത്തിൽ ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഇത്തരം അവശതയനുഭവിക്കുന്നവരുടെ എല്ലാ വേദനകളും പേറി ജീവിക്കുന്നുവെന്നുള്ള ഒരു അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അത്തരം ആളുകൾക്കുവേണ്ട സംരക്ഷണം, പരിചരണം, പരിചാരകർക്കാവശ്യമായ സഹായം എന്നിവ നൽകാനും അവർക്ക് ഇൻഷ്വറൻസ് സംവിധാനമുൾപ്പെടെ കൊണ്ടുവരുന്നതിനെക്കുറിച്ചും ഗൗരവമായി ആലോചിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിൽനിന്നും അനുഭാവപൂർവമായ

സമീപനമുണ്ടാകുമെന്നാണ് ഈ വിഭാഗം ആളുകൾ പ്രതീക്ഷിക്കുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാരുൾപ്പെടെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, നൂറുശതമാനം അന്ധത ബാധിച്ചവർ, പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ രോഗങ്ങളാൽ കിടപ്പിലാകുകയുംചെയ്ത ദൈനംദിനകാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ളവർ തുടങ്ങിയ വിഭാഗങ്ങളെ ഉൾപ്പെടുത്തി അവരെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/-രൂപ നിരക്കിൽ ആശ്വാസകിരണം പദ്ധതിയിലൂടെ ധനസഹായം നൽകിവരുന്നുണ്ട്. 2021-22 സാമ്പത്തികവർഷംമുതൽ 2024-25 വരെ 117 കോടി രൂപയുടെ ധനസഹായം ഈ പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്ന് ആദ്യഘട്ടമായി ലഭിച്ച 17 കോടി രൂപയിൽ 11 കോടി രൂപ വിനിയോഗിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് 2025 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം ഓണത്തിനുമുമ്പായി

കൊടുത്തുതീർത്തിട്ടുള്ളതാണ്. ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള ധനസഹായത്തുക വർധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് പരിഗണിച്ചുവരികയാണ്. 2018-ന് ശേഷം സമർപ്പിച്ച അപേക്ഷകൾ പരിഗണിക്കുന്ന വിഷയം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചു, അക്കാര്യം ഊർജിതമായി മുന്നോട്ട് കൊണ്ടുപോകുകയാണ്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാരും intellectually challenged ആയിട്ടുള്ള വിഭാഗങ്ങളുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏറ്റവും അനുഭാവപൂർവ്വം പരിഗണിക്കുകയെന്നതാണ് ഈ സർക്കാരിന്റെ നയം. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് State Initiative on Disabilities (SID) മുഖാന്തരം 'സ്പെക്ട്രം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഈ പദ്ധതി മുഖാന്തരം തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ ആറ് സർക്കാർ മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS (Institute of Mental Health and Neurosciences)-ലും ഓട്ടിസം സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഓട്ടിസം കേന്ദ്രങ്ങളിലൂടെ ഓട്ടിസം സ്ക്രീനിങ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ,

കൗൺസിലിങ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കിവരുന്നുണ്ട്. പ്രതിവർഷം ഇരുപതിനായിരം മുതൽ ഇരുപത്തയ്യായിരം വരെ കേസുകൾ ഈ സ്ഥാപനത്തിലൂടെ കൈകാര്യം ചെയ്തുവരുന്നു. ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ഉറപ്പാക്കുന്നതിനായി ഈ മേഖലയിൽ ഗവേഷണാത്മക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന തൃശ്ശൂരിലെ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) സെന്ററിൽ റീജിണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്റർ (RARRC) നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ഓട്ടിസം ഉണ്ടെന്ന് സംശയിക്കുന്ന മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ആധുനികവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ പുനരധിവാസ പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിന് NIPMR കേന്ദ്രീകരിച്ചുള്ള ചൈൽഡ് ഡവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC) പ്രവർത്തിച്ചുവരുന്നു. സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്ക് ആധുനിക സംവിധാനങ്ങളോടുകൂടിയ പുനരധിവാസ പ്രവർത്തനങ്ങളും ഗവേഷണാത്മ പഠനങ്ങളും നടത്തുന്നതിനും

NIPMR-ന് കീഴിൽ സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ (CPRRC) പ്രവർത്തിക്കുന്നുണ്ട്. ഓട്ടിസം മേഖലയിൽ വിദഗ്ധ സേവനം ലഭ്യമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശിശുരോഗ വിദഗ്ധർക്ക് തിരുവനന്തപുരത്തെ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ (CDC)-ന്റെ സഹായത്തോടുകൂടി പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. ഈ മേഖലയിൽ സേവനം ലഭ്യമാക്കുന്നവർക്ക് പരിശീലനത്തിനായി ഈ മേഖലയിലെ വിദഗ്ധർക്ക് സഹായകരമായ ഒരു കോമ്പ്രിഹെൻസീവ് ഓട്ടിസം റിസോഴ്സ് ബുക്ക് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ടുകൊണ്ട് ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പുനരധിവാസം സാധ്യമാക്കാൻ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് സഹായകരമായ പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. അതുപോലെ ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്കുവേണ്ടി രക്ഷാകർതൃ ശാക്തീകരണ പരിപാടി അഥവാ PEP (Parent Empowerment Programme) പരിശീലന പദ്ധതി നടപ്പാക്കിവരുന്നു.

തെറാപ്പി സൗകര്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് തെറാപ്പി സെന്ററുകളെ എംപാനൽ ചെയ്യുന്നതിനാവിശ്യമായ മാർഗരേഖ, Guidelines for Minimum Standard for Registration of Therapy Centers ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹികനീതി വകുപ്പിനുകീഴിൽ ബൗദ്ധികവെല്ലുവിളി നേരിടുന്ന വ്യക്തികളുടെ പുനരധിവാസത്തിന് കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾക്കുപുറമേ എൻ.ജി.ഒ. പങ്കാളിത്തത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ടുപയോഗിച്ച് കോഴിക്കോട് ജില്ലയിൽ 'പ്രതീക്ഷാ ഭവൻ' എന്ന പദ്ധതിപ്രകാരം ഒരു സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സമഗ്രവികസനത്തിന് തൊഴിൽ പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ സഹായം നൽകുന്ന പുതിയ പദ്ധതിയാണ് 'പ്രചോദനം' പദ്ധതി. സർക്കാർ അംഗീകരിച്ചിട്ടുള്ള S.O.P (Standard Operating Procedures) curriculum എന്നിവയുടെ അടിസ്ഥാനത്തിൽ 1,47,02,360/- രൂപയുടെ ഭരണാനുമതി ടി പദ്ധതിക്ക് നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നായി

എട്ട് സ്ഥാപനങ്ങളെയും തിരഞ്ഞെടുത്തിട്ടുണ്ട്. മറ്റ് ജില്ലകളിൽനിന്നും കേന്ദ്രങ്ങളെ ഉടനെ തിരഞ്ഞെടുക്കുന്നതാണ്. തീവ്ര ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും കുടുംബാംഗങ്ങൾക്കും താൽക്കാലിക താമസസൗകര്യവും അനുബന്ധസംവിധാനങ്ങളും ഉറപ്പാക്കുന്നതിന് റെസ്പൈറ്റ് കെയർ കേന്ദ്രങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. ഹ്രസ്വകാലപരിരക്ഷ ഇവിടെനിന്നും ലഭിക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പോലെ വിവാഹം പോലെയുള്ള ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് രക്ഷിതാക്കൾക്ക് കുട്ടികളെ അത്രയും സമയത്തേക്ക് ഇവിടെ ഏൽപ്പിക്കാൻകഴിയും. കുടുംബത്തോടൊപ്പം താൽക്കാലികമായി താമസിക്കാനുള്ള സൗകര്യവും റെസ്പൈറ്റ് കെയർ (Respite care centre) കേന്ദ്രങ്ങളിൽ ലഭിക്കുന്നതാണ്. മൂന്നിടങ്ങളിൽ റെസ്പൈറ്റ് കെയർ കേന്ദ്രങ്ങൾ ആരംഭിക്കും.

സംയോജിത പുനരധിവാസത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസവില്ലേജുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ബൗദ്ധികവെല്ലുവിളി നേരിടുന്നവർക്കുള്ള അസിസ്റ്റീവ് ലിവിങ് ഹോമും NISH (National Institue of Speech & Hearing)-ന്റെ

എക്സ്റ്റെൻഷൻ സെന്ററും ആയാണത് ആരംഭിക്കുന്നത്. തിരുവനന്തപുരം ജില്ലയിലും അത്തരമൊന്ന് ആരംഭിക്കുന്നുണ്ട്. എല്ലാവിധ തെറാപ്പി സൗകര്യങ്ങളും മറ്റും ലഭ്യമാക്കുന്നതാണ്. 'സഹജീവനം ഭിന്നശേഷി സഹായകേന്ദ്രം പദ്ധതി' ബ്ലോക്ക് തലത്തിൽ സാമൂഹ്യ സഹായ കേന്ദ്രങ്ങൾ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന പദ്ധതിയാണ്. ഭിന്നശേഷിക്കാരായവർക്കും അവരുടെ രക്ഷിതാക്കൾക്കും മാനസികപിന്തുണ നൽകുന്നതോടൊപ്പം എല്ലാ സർക്കാർ സേവനങ്ങളും അർഹരായ മുഴുവൻ പേരിലേക്കും എത്തിക്കുകയെന്നതാണ് ഈ എക്സ്റ്റെൻഷൻ സെന്റർ സഹജീവനം സഹായകേന്ദ്രം പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പൈലറ്റടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഈ വർഷം ആരംഭിച്ച് അടുത്ത വർഷം എല്ലാ ജില്ലയിലേക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. സാമൂഹ്യനീതി വകുപ്പിന് പുറമേ ഓട്ടിസം, സെറിബ്രൽ പാൾസി പ്രശ്നങ്ങൾ നേരിടുന്ന ഭിന്നശേഷിക്കാർക്കായി പൊതുവിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ എന്നീ വകുപ്പുകളും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം

മനസ്സിലാക്കി അതനുസരിച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് സാമൂഹ്യനീതി വകുപ്പ് മുന്നോട്ട് പോകുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പതിനെട്ട് വയസ്സ് കഴിഞ്ഞവരുടെ റീഹാബിലിറ്റേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ആ തീരുമാനങ്ങൾ നടപ്പാക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പതിനെട്ട് വയസ്സ് കഴിഞ്ഞവർക്ക് നൈപുണ്യവികസനത്തിനുള്ള പരിശീലനം നൽകുകയും അതുവഴി ഒരു തൊഴിൽ നേടാൻ സഹായകരമായ പിന്തുണ നൽകുന്നതിനുമാണ് 'പ്രചോദനം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ബഡ്സ് സ്കൂളുകൾക്ക് വ്യാപകമായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റേർസ് ആരംഭിക്കുക എന്നതാണ് അതിനുള്ള പ്രതിവിധി. ഇത് പ്രധാനമായും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലാണ് തീരുമാനമെടുത്ത് നടപ്പാക്കേണ്ടത്. അക്കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ആലോചിച്ച് വരുകയാണ്. സമീപഭാവിയിൽതന്നെ പതിനെട്ട് വയസ്സിനുമുകളിലുള്ള

ബൗദ്ധികവെല്ലുവിളികൾ നേരിടുന്ന എല്ലാവരെയും കൃത്യമായ നിലയിൽ പുനരധിവസിപ്പിക്കാൻ സഹായകരമായ പദ്ധതികൾ നമുക്ക് ആവിഷ്കരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (2) പിന്നാക്ക/സംവരണ വിഭാഗങ്ങളുടെ തൊഴിൽ, വിദ്യാഭ്യാസ മേഖലകളിലെ പ്രാതിനിധ്യം

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ വിദ്യാഭ്യാസ-തൊഴിൽ മേഖലകളിൽ പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും പ്രാതിനിധ്യം സംബന്ധിച്ച് ഒരു വിശദമായ കണക്കെടുപ്പ് നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഈ വിഷയം അവതരിപ്പിക്കുന്നത്.

കേരളം സാമൂഹ്യപരമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ പിന്നാക്ക സമുദായങ്ങളുടെയും സംവരണ വിഭാഗങ്ങളുടെയും പ്രാതിനിധ്യം സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സംവരണനയങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും കൃത്യമായ കണക്കെടുപ്പ് അനിവാര്യമാണ്. സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന

വിഭാഗങ്ങളെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുകയെന്ന ലക്ഷ്യത്തോടെയാണ് ഭരണഘടനയിൽ സംവരണം വ്യവസ്ഥ ചെയ്തത്. അതനുസരിച്ചാണ് സംസ്ഥാന ഗവൺമെന്റുകൾ സംവരണത്തിന് അനുകൂലമായ നിയമം നിർമ്മിക്കുന്നത്. തൊഴിലിലും വിദ്യാഭ്യാസത്തിലും സാമൂഹ്യനീതി ഉറപ്പാക്കുന്ന തരത്തിൽ സംവരണത്തെ മാറ്റിവച്ചെങ്കിൽ മാത്രമേ വികസിത രാഷ്ട്രമെന്ന നമ്മുടെ ആത്യന്തിക ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന ഈ വിഭാഗത്തെ മുഖ്യധാരയിൽനിന്ന് മാറ്റിനിർത്തിക്കൊണ്ട് രാജ്യത്തിന്റെ വികസനം സാധ്യമാകുകയില്ല. കേന്ദ്ര സർക്കാർ നിയോഗിച്ച കലേക്കർ കമ്മീഷൻ മുതൽ രജീന്ദ്ര സച്ചാർ കമ്മിറ്റി വരെയും കേരള സർക്കാർ നിയോഗിച്ച കെ. കെ. വിശ്വനാഥൻ കമ്മീഷൻ മുതൽ രാജേന്ദ്രബാബു കമ്മീഷൻവരെയും നടത്തിയ പഠനങ്ങൾ പിന്നാക്ക സംവരണ സമുദായങ്ങൾക്ക് സർക്കാർ സർവീസിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നാണ് വെളിപ്പെടുത്തുന്നത്. വെറും പതിനൊന്ന് വർഷത്തെ കണക്കുകൾ മാത്രം പരിശോധിച്ചപ്പോൾ 18525 തസ്തികകളാണ് ഉദ്യോഗരംഗത്ത് പിന്നാക്ക വിഭാഗങ്ങൾക്ക് നഷ്ടമായതെന്നാണ് ജസ്റ്റിസ്

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ചെയ്തത്. ഇത് സംവരണത്തിന്റെ ഉദ്ദേശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കത്തതിന്റെ സൂചനയാണ് വെളിപ്പെടുത്തുന്നത്. 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾക്കനുസരിച്ചാണ് പി.എസ്.സി. നിയമനശിപാർശയ്ക്ക് ആവശ്യമായ റൊട്ടേഷൻ ചാർട്ട് തയ്യാറാക്കുന്നത്. പി.എസ്.സി. 20 യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നിയമനശിപാർശപട്ടിക തയ്യാറാക്കുമ്പോൾ സംവരണസമുദായക്കാർ സംവരണ ടേണുകളിൽ മാത്രം ഉൾപ്പെട്ട് വരുന്നതിനാൽ അവരുടെ മെറിറ്റ് അവസരം നഷ്ടപ്പെട്ട് പോകുകയും അത് കാരണം സംവരണസമുദായക്കാർക്ക് നിയമനങ്ങളിൽ പ്രാതിനിധ്യക്കുറവ് ഉണ്ടാകുകയും ചെയ്യുന്നതിനാൽ പി.എസ്.സി.-യുടെ നിയമനരീതി മാറ്റണമെന്നത് കാലങ്ങളായുള്ള ആവശ്യമാണ്. ഇരുപതിന്റെ യൂണിറ്റായി നിയമനശിപാർശ നൽകുന്ന രീതി അവസാനിപ്പിച്ച് ഓരോ സമയത്തും റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിൽ നടത്തണമെന്ന് 1697/07 നമ്പർ റിട്ട് അപ്പീലിന്മേൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് കേരള ഹൈക്കോടതി നേരത്തെ ഉത്തരവിട്ടിരുന്നു. സമൂഹത്തിലെ എല്ലാ

വിഭാഗങ്ങൾക്കും തുല്യാവകാശം ഉറപ്പാക്കുന്നതിനും സംവരണനയങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും അവരുടെ പ്രാതിനിധ്യം കൃത്യമായി മനസിലാക്കേണ്ടത് അനിവാര്യമാണ്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ യഥാർഥ അവസ്ഥയെ അടിസ്ഥാനമാക്കിയുള്ള നയങ്ങൾ രൂപപ്പെടുത്താൻ കൃത്യമായ കണക്കുകൾ സഹായകമാണ്. സുപ്രീംകോടതി നിർദേശങ്ങൾക്കനുസരിച്ച് കണക്കെടുപ്പ് നടത്തേണ്ടതുണ്ടെങ്കിൽപ്പോലും സാമ്പത്തിക ബാധ്യതകളും മറ്റ് കാരണങ്ങളും പറഞ്ഞുകൊണ്ട് സർക്കാർ ഇതിൽനിന്നും പിന്നോക്കം പോകുകയാണ്. പിന്നാക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ ലഭ്യമാക്കുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും അടിയന്തരമായി ഒരു കണക്കെടുപ്പ് നടത്താൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്ത് വളരെ മുമ്പുതന്നെ വിദ്യാഭ്യാസ, തൊഴിൽ എന്നീ മേഖലകളിൽ എല്ലാവിഭാഗങ്ങൾക്കും പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള സംവരണം നിലവിലുണ്ട്. അതിന്റെ

പശ്ചാത്തലത്തിലാണ് പൊതുസർവീസും പൊതുവിദ്യാഭ്യാസ മേഖലയും നിലവിൽവന്നിട്ടുള്ളത്. എല്ലാ വിഭാഗങ്ങളെയും പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സംവരണം നിലനിൽക്കണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. 1965-ലെ കുമാരപിള്ള കമ്മീഷൻ എല്ലാവിഭാഗത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസം പ്രാപ്യമാക്കുന്നതിനുള്ള ശിപാർശയാണ് നൽകിയിരുന്നത്. കേരളത്തിൽ എല്ലാ മതവിഭാഗത്തിലുള്ളവർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക വിഭാഗത്തിലുള്ളവർക്കും സംവരണമുണ്ട്. വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് സംവരണ മാനദണ്ഡം. എല്ലാ ജനവിഭാഗങ്ങളുടെയും സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നത് സംസ്ഥാനത്തിന്റെ ഭാവി വികസനപ്രവർത്തനങ്ങൾക്കും കൂടുതൽ ശ്രദ്ധയാവശ്യമുള്ള ജനവിഭാഗങ്ങൾക്കും പ്രയോജനകരമാണ്. രാജ്യത്ത് അടുത്ത സെൻസസെടുക്കുന്ന വേളയിൽ സമഗ്രമായ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ വിവരങ്ങൾ തേടുമെന്നാണ് കേന്ദ്ര സർക്കാർ പ്രഖ്യാപനങ്ങളിൽനിന്നും മനസ്സിലാക്കുന്നത്. കൂടാതെ ജാതി സെൻസസും അതിൽ ഉൾപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. മാത്രമല്ല സുപ്രീംകോടതിയിൽ

ഇതുമായി ബന്ധപ്പെട്ട വ്യവഹാരം നിലനിൽക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിവരശേഖരണം നടത്തുന്നതുകൊണ്ടുണ്ടാകുന്ന വലിയ സാമ്പത്തിക ബാധ്യതയെക്കുറിച്ച് പല സംസ്ഥാനങ്ങളും ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ കേന്ദ്ര സെൻസസിനൊപ്പം നടത്തുന്ന ജാതി സെൻസസ് തന്നെയാണ് പ്രായോഗികവും ഉചിതവുമായ മാർഗ്ഗമെന്നും ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ സെൻസസ് മാതൃകയിൽ സമഗ്ര വിവര ശേഖരണം നടത്തുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിച്ചിട്ടില്ല. സംസ്ഥാന സർവീസിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം കണ്ടെത്തുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ (KSCBC) e-Caste Database of Employees in Services-Kerala (e-CDESK) എന്നപേരിൽ ഒരു വെബ്പോർട്ടൽ വികസിപ്പിച്ച് സർക്കാർ വകുപ്പുകളിലെയും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിശദാംശങ്ങൾ വെബ്പോർട്ടലിൽ രേഖപ്പെടുത്താൻ ചുമതലപ്പെടുത്തിയിട്ടുള്ള ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർക്ക് പരിശീലനം നൽകുകയും ബന്ധപ്പെട്ട നോഡൽ

ഓഫീസർമാർ പ്രസ്തുത പോർട്ടലിൽ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്ത് നടപടി സ്വീകരിച്ച് വരുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, നിയമസഭാ സമിതികൾ നിയമസഭയുടെ മിനിയേച്ചറുകളാണെന്നാണ് പറയുന്നത്. എന്നാൽ കേരള നിയമസഭയുടെ പല സമിതി ശിപാർശകളും വേണ്ടത്ര ഗൗരവത്തോട് കൂടിയെടുക്കാൻ മുന്നോട്ടുവരുന്നില്ലെന്നതാണ് നമ്മുടെ മുന്നിലുള്ള അനുഭവം. നിയമസഭയുടെ പിന്നാക്ക വിഭാഗ ക്ഷേമസമിതി 2006-2008 കാലയളവിലെ മൂന്നാമത് റിപ്പോർട്ടിലും 2009-2011 കാലയളവിലെ നാലാമത് റിപ്പോർട്ടിലും നിയമനവും സംവരണവും 50:50 എന്ന അനുപാതത്തിൽ നടത്തണമെന്ന നിർദേശം മുന്നോട്ട് വച്ചിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... ചോദ്യം.

ശ്രീ. പി. ഉബൈദുള്ള: സർ, നിയമസഭാ സമിതി പലതവണ ശിപാർശ ചെയ്തിട്ടും ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഈ കണക്കെടുപ്പ് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനിച്ചിട്ടില്ലെന്നാണ്. സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിലെ പിന്നാക്ക സമുദായ പ്രാതിനിധ്യം

പരിശോധിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോയെന്നാണ് എന്റെ ചോദ്യം ?

ശ്രീ. ഒ. ആർ. കേളു: സർ, ഈ പറയുന്ന രീതിയിലൊരു സെൻസസ് നടത്തുന്നതിനുവേണ്ടി ഗവൺമെന്റ് ആലോചിച്ചിട്ടില്ല എന്ന് ഞാൻ പറഞ്ഞത് ശരിയാണ്. അക്കാര്യങ്ങൾ കേന്ദ്ര-ഗവൺമെന്റ് പരിശോധിച്ചുവരുന്നൊരു പശ്ചാത്തലത്തിലാണ് ഗവൺമെന്റ് ഇങ്ങനൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. അതേസമയം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സർക്കാർ സർവീസിലെ ജീവനക്കാരുടെ വിശദാംശം കാര്യമായി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി e-Caste Database of Employees in Services-Kerala എന്നൊരു പോർട്ടലുണ്ടാക്കി അതിലൂടെ വിവരശേഖരണം നടത്തി വരികയാണ്. ഈ പറഞ്ഞ കാര്യങ്ങൾ ഏതായാലും പരിശോധിക്കാം.